(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ ; നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-2-2011-ലെ സ.ഉ.(സാധാ) നമ്പർ 385/2011/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ

310 (1354) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ വരുന്ന കേടുപാടായ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുവാൻ വാർഷിക അറ്റകുറ്റ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 470.50 ലക്ഷം രൂപയുടേയും ഉപരിതലം പുതുക്കുന്നതിന് 2163.90 ലക്ഷം രൂപയുടേയും പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ റോഡ് വീതി കൂട്ടുന്നത്

311 (1355) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ കാരന്തൂർ വരെ റോഡ് വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് മെഡിക്കൽ കോളേജ്- കാരന്തൂർ റോഡ് കി.മീ. 0/000 മുതൽ 5/230 വരെ വീതി കൂട്ടുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാർ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly